**കേരള കാർഷിക സർവ്വകലാശാല**
**എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം കുമരകം**
കുമരകം പി.ഒ,പിൻ: 686563,ഫോൺ: 0481-2524621
Website: www.kau.in, E-mail: edkumarakom@kau.in


നമ്പർ:ഇ.ഡി/എ/**160/25** തീയ്യതി : 15/04/2025

**<u>ദർഘാസ് പരസ്യം നമ്പർ : 01/2025-26</u>**

കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർക്കു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ (i/c), എഞ്ചിനീയറിംഗ് ഡിവിഷൻ, കുമരകം താഴെ പറയുന്ന പ്രവൃത്തികൾക്ക് അംഗീകൃത കരാറുകാരിൽ നിന്നും പേരെഴുതിയ മുദ്രവച്ച **ദർഘാസുകൾ** ക്ഷണിച്ചുക്കൊള്ളുന്നു.

**<u>ടെൻഡർ വർക്കുകൾ</u>**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഏകദേശ അടങ്കൽ തുക | നിരതദ്രവ്യം രൂപ | കാലാവധി | ദർഘാസ് വില + 18%ജി.എസ്.ടി ഉൾപ്പെടെ |
|---|---|---|---|---|---|
| 1. | ജനറൽ- അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ അറ്റകുറ്റപ്പണികളും പരിപാലനവും- എസ്സി വകുപ്പ് പദ്ധതി | **4,47,000/-** | **9,466/-** | **4 മാസം** | **900/-** |
| 2. | ജനറൽ- അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലെ സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും | **3,11,000** | **6,586/-** | **4 മാസം** | **630/-** |
| 3. | ജനറൽ - സി ഒ എ വെള്ളായണിയിലെ സ്ളേജ് മാലിന്യം ശേഖരിക്കാൻ ഗ്രീഷ്മ ലേഡീസ് ഹോസ്റ്റലിൻ്റെ പരിസരത്ത് അധിക സോക്ക് പിറ്റ് നിർമ്മാണം | **97,000/-** | **2,045** | **3 മാസം** | **590/-** |

**കരാറുകാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യത:**
ക്രമ നമ്പർ **1 to 3** **"ഡി"** ക്ലാസ്സും കൂടുതലും

**പി.ഡബ്ലി.യു.ഡി/ഇറിഗേഷനിൽ രജിസ്റ്റർ ചെയ്ത കരാറുകാരായിരിക്കേണ്ടതാണ്.**

| **ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി** | **ദർഘാസ് തുറക്കുന്ന സമയം** |
|---|---|
| ക്രമ നമ്പർ 1to 3 ,30/04/2025 3.00 (pm) വരെ | ക്രമ നമ്പർ 1 to 3 , 03/05/2025 3.00 (pm) |

**ദർഘാസ് വില്പന:**

ബിഡ് ഡോക്യൂമെന്റും ടെൻഡർ ഷെഡ്യൂളും റേറ്റ് രേഖപ്പെടുത്തേണ്ട ഷീറ്റും കരാറുകാർക്ക് കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതും പൂരിപ്പിച്ച ടെൻഡർ ആവിശ്യമായ മറ്റുരേഖകൾ സഹിതം രജിസ്റ്റേർഡ് തപാലോ/സ്പീഡ് പോസ്റ്റിലോ മാത്രം സമർപ്പിക്കേണ്ടതാണ്.

ടെൻഡർ ഫോമിന്റെ നിശ്ചിത വിലയും നിരതദ്രവ്യവും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എസ്.ബി.ഐ, കുമരകം ബ്രാഞ്ചിൽ മാറാവുന്ന വിധം ഡിമാൻഡ് ഡ്രാഫ്റ്റായി ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ടെൻഡർ ഫോമിന്റെയും നിരതദ്രവ്ത്തിന്റെയും വില പണമായോ, ചെക്കായോ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ബിഡ് ഡോക്യൂമെന്റും മറ്റ് അനുബന്ധരേഖകളും ടെൻഡർ ഫോമിന്റെ വിലയായ നിശ്ചിതതുകയ്ക്കുള്ള ഡ്രാഫ്റ്റും നിരതദ്രവ്യവും കരാറുകാരന്റെ ലൈസൻസിന്റെ ഫോട്ടോകോപ്പിയും (കാലാവധി കാണിക്കുന്ന പേജ് അടക്കം) GST രജിസ്ട്രേഷനും, PAN തുടങ്ങിയവ രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് വഴി മാത്രം മേൽ കാണിച്ച നിശ്ചിത സമയത്തിനുള്ളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് ഡിവിഷൻ, കേരള കാർഷിക സർവ്വകലാശാല, കുമരകം, പിൻ-686563 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ടെൻഡർ അടക്കം ചെയ്ത കവറിനു മുകളിൽ കരാറുകാരന്റെ പൂർണ്ണ മേൽവിലാസവും(ഫോൺ നമ്പർ സഹിതം) പ്രവർത്തിയുടെ പേരും ക്രമനമ്പറും കാണിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. ടെൻഡർ അടക്കം ചെയ്ത കവറിനു മുകളിൽ കരാറുകാരന്റെ പൂർണ്ണ മേൽവിലാസവും(ഫോൺ നമ്പർ സഹിതം) പ്രവർത്തിയുടെ പേര് എന്നിവ രേഖപെടുത്താത്തതും നിശ്ചിത സമയത്തിനുള്ളിൽ മേല്പറഞ്ഞ വിലാസത്തിൽ ലഭിക്കാത്തതുമായ ടെൻഡറുകൾ ഉടനടി നിരസിക്കുന്നതാണ്.

തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസിനോടൊപ്പം സംഘത്തിന്റെ പേരിൽ പി.ഡബ്ല്യൂയു.ഡി യിൽ നിന്ന് ലഭിച്ചിട്ടുള്ള അതാത് ദർഘാസ് തുകയ്ക്ക് അനുസരിച്ചിട്ടുള്ളതോ കൂടുതലോ ഉള്ള ലൈസൻസിന്റെ കോപ്പി കാലാവധി കാണിക്കുന്ന പേജ് ഉൾപ്പെടെ അടക്കം ചെയ്യേണ്ടതും അനുബന്ധ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും കൂടാതെ അവരുടെ കൈവശമുള്ള എല്ലാ ജോലികളുടെയും വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് സഹകരണ സംഘം അസി.രജിസ്ട്രാറുടെ സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

**ദർഘാസുകൾക്കൊപ്പം നിരതദ്രവ്യമായ "ദേശിയ സാമ്പദ്യ സർട്ടിഫിക്കറ്റ് / ഇന്ദിര/ കിസാൻ വികാസ് പത്ര" എന്നിവ സ്വീകരിക്കുന്നതല്ല.** ദർഘാസ് വില, നിരതദ്രവ്യം എന്നിവയിൽ ഇളവ് അനുവദിക്കുന്നതല്ല. ദർഘാസുകളോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്. കേരള പി.ഡബ്ല്യൂയു.ഡിയിലേയും കാർഷിക സർവ്വകലാശാലയിലേയും എല്ലാ നിബന്ധനകളും കൂടാതെ കേരള സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.**429/15/Fin**. തീയ്യതി:**28.09.2015** പ്രകാരമുള്ള നിബന്ധനകളും ഈ ദർഘാസിനു ബാധകമായിരിക്കും.

മരാമത്ത് പണികൾ ഏറ്റെടുക്കുന്ന എല്ലാ രജിസ്ട്രേഷൻ കരാറുകാരും ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതും ജി.എസ്.ടി രജിസ്ട്രേഷന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതുമാണ്. ജി.എസ്.ടി സംബന്ധിച്ച സർക്കാർ തീരുമാനങ്ങൾ ഈ ടെൻഡറിന് ബാധകമായിരിക്കും.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (i/c)
(ബഹു.വൈസ് ചാൻസിലർക്കു വേണ്ടി)

കോപ്പികൾ:-1) നോട്ടീസ് ബോർഡ്, എഞ്ചിനീയറിംഗ് ഡിവിഷൻ, കുമരകം.
2) കെ.എ.യു വെബ് സൈറ്റ്.
3) നോട്ടീസ് ബോർഡ്, എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വെള്ളായണി